LIBRARY ARCHIVES Kerala Legislative Assembly

ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ലഭിക്കാനുള്ള കുടിശ്ശിക

112 [1334] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ പാട്ടനിരക്ക് അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ 2004 ഡിസംബർ 31-ാം തീയതിവരെ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ 10 ലക്ഷത്തിനുമേൽ കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളുടേയും സ്ഥാപനങ്ങളുടെയും പേരു വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 14-5-2004-ലെ ജി. ഒ. (പി) നമ്പർ 126/04/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരവും മറ്റ് പ്രദേശങ്ങളിൽ 19-12-1985-ലെ ജി. ഒ. (എംഎസ്.)1026/85/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരവുമാണ് പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകുന്നതിന്റെ പാട്ടനിരക്ക് അവസാനമായി പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.†

(ബി) പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ വകയിൽ 31-12-2004 വരെ 88,10,41,173 രൂപ പാട്ടക്കുടിശികയായി പിരിഞ്ഞുകിട്ടാനുണ്ട്.

(സി) ഇടുക്കി, പാലക്കാട്, എറണാകുളം ജില്ലകളിൽ 10 ലക്ഷത്തിന് മേൽ കുടിശ്ശിക വരുത്തിയ വ്യക്തികളോ, സ്ഥാപനങ്ങളോ ഇല്ല. മറ്റ് ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന് ഭൂമി

113 [1336] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പട്ടുവം വില്ലേജിൽ പൊതു ആവശ്യത്തിന് വേണ്ടി നീക്കിവെച്ച മിച്ചഭൂമിയിൽ നിന്നും 16 ഏക്കർ സ്ഥലം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ ;

(ബി) ഐ. എച്ച്. ആർ. ഡി.-ക്ക് ഭൂമി അനുവദിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നടപടി സ്വീകരിക്കുവാൻ കാലതാമസം വന്നിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണമെന്താണ് ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.